# മോചനം

## ഡോ. ജോർജ്ജ് മരങ്ങോലി

**അ**സ്തമനസൂര്യന്റെ ചെങ്കതിരുകൾ കണ്ണാടിജാലകത്തിലൂടെ എത്തിനോക്കി. മുറ്റത്തെ പുൽത്തകിടികളിൽ മഞ്ഞുവീണ് കട്ടപിടിച്ചു കിടക്കുന്നു. ഇലകൊഴിഞ്ഞ വൃക്ഷത്തലപ്പുകളിൽ തണുത്തുറച്ചിരുന്ന ഹിമശകലങ്ങൾ ഇളം വെയിലേറ്റ് ഉരുകിയപ്പോൾ അവ ബാഷ്പബിന്ദുക്കൾ പോലെ അടർന്നുവീണു. ഏകയായി, ആ നേഴ്സിംഗ് ഹോമിന്റെ സന്ദർശനമുറിയിൽ, അസുഖം ബാധിച്ച് നിയന്ത്രണം നഷ്ടപ്പെട്ട കാലുകളും വലിച്ച്, വേച്ച് വേച്ച് നടക്കാൻ ശ്രമിച്ചപ്പോൾ, മഞ്ഞു പോലെ മരവിച്ച മനസ്സിൽ ദീർഘനിശ്വാസങ്ങൾ ചൂട് വിതറിയതുകൊണ്ടാവാം, അവ ഉരുകി കണ്ണു നീർത്തുള്ളിയായി വെളിയിലേക്ക് വന്നു. കാലുകൾക്ക് ശക്തി കുറഞ്ഞപ്പോൾ വീണ്ടും സോഫാ യിൽ വന്നിരുന്നു. നേരം പുലർന്നപ്പോൾ മുതലുള്ള കാത്തിരിപ്പാണ്!

ഇന്ന് ക്രിസ്തുമസ് ആണ്. ഭൂമിയിൽ മനുഷ്യർക്ക് സമാധാനത്തിന്റെ സന്ദേശം വിളംബരം ചെയ്ത ആ അനശ്വരദിവസം. ലോകത്തിലെല്ലാവർക്കും സമാധാനമുണ്ട്, സന്തോഷമുണ്ട്. പക്ഷെ, എന്തുകൊണ്ട് തനിക്കുമാത്രം ഇന്ന് സന്തോഷിക്കാനൊന്നുമില്ല? ഇന്നില്ലെങ്കിലും, ഉണ്ടായിരുന്ന ഒരു കാലമുണ്ടായിരുന്നു. അമേരിക്കയിൽ വന്നതിനുശേഷമമുള്ള കുറേ വർഷങ്ങൾ. ആദ്യത്തെ ക്രിസ്തുമസ്സിനെക്കുറിച്ച് സൂസമ്മ ഓർത്തു. എല്ലായിടത്തും വർണ്ണപ്പകിട്ടാർന്ന ക്രിസ്തുമസ് ഡെക്ക റേഷൻസ്. ഡിപ്പാർട്ടുമെന്റ് സ്റ്റോറുകളിൽ ഗിഫ്റ്റ് വാങ്ങുന്നവരുടെ തിക്കും തിരക്കും, ക്രിസ്തുമ സിന്റെ സന്ദേശം പരത്തുന്ന സംഗീതം അന്തരീക്ഷത്തിൽ മുഴുവൻ അലിഞ്ഞുചേർന്നിരിക്കുന്നു. ക്രിസ്തുമസ് ട്രീയും അലങ്കാരങ്ങളുമില്ലാത്ത വീടുകളില്ല.

ചാക്കോച്ചനും താനും കൂടിപ്പോയാണ് ഒരു ട്രീ വാങ്ങിക്കൊണ്ടുവന്നത്. ലിവിംഗ് റൂമിൽ ഡെക്കറേറ്റു ചെയ്ത ക്രിസ്തുമസ് ട്രീ കണ്ടപ്പോൾ പിള്ളേരുടെ സന്തോഷത്തിന് അതിരില്ലായിരു ന്നു. അന്ന് മിനിമോൾക്ക് ആറും മനോജിന് ഒന്നും വയസ്സേയുള്ളൂ. ട്രീയുടെ ചുറ്റും ഒരു ചിത്രശ ലഭം കണക്കെ മിനിമോൾ പാറി പറന്നു നടന്നു. ഒന്നും മനസ്സിലാകാതെ മനോജ് മോൻ ട്രീലൈ റ്റിന്റെ ബൾബുകളെല്ലാം ഓരോന്നായി ഊരിക്കളഞ്ഞു. പിള്ളേരുടെ കളിയും ചിരിയുമെല്ലാം ക്രിസ്തു മസ് ട്രീ ലൈറ്റു പോലെ മനസ്സിൽ മിന്നി മറഞ്ഞു.

എത്ര സന്തുഷ്ടമായ ഒരു കുടുംബജീവിതമായിരുന്നു അന്നത്തേത്. തന്നെ ജീവനു തുല്യം സ്നേഹിക്കുന്ന ഒരു ഭർത്താവ്, രണ്ടുപേർക്കും ജോലി, താലോലിച്ചു വളർത്താൻ ദൈവം മനസ്സ റിഞ്ഞു നൽകിയ രണ്ടു പിഞ്ചോമനകൾ, ആവശ്യത്തിനു പണം, സ്വന്തമായി ഒരു വീട്, കാറ് എന്നുവേണ്ട എല്ലാംകൊണ്ടും ആനന്ദപ്രദമായ ജീവിതം. പക്ഷെ, പ്രതീക്ഷിക്കാതെയാണ് കാർമേ ഘപടലങ്ങൾ തങ്ങളുടെ ജീവിതത്തിൽ കരിനിഴൽ വീശിക്കൊണ്ട് കടന്നുവന്നത്. ഒരുദിവസം, നൈറ്റ് ഡ്യൂട്ടി കഴിഞ്ഞ് കിടന്നുറങ്ങുമ്പോഴാണ് ചാക്കോച്ചന്റെ ഓഫീസിൽ നിന്ന് ഫോൺ വന്ന ത്. ചാക്കോച്ചന് ഹാർട്ട് അറ്റാക്കായിട്ട് ഹോസ്പിറ്റലിലേക്ക് കൊണ്ടുപോയിയെന്ന്. ഉറക്കത്തിൽ സ്വപ്നം കാണുന്നതാണെന്നാണ് ആദ്യം തോന്നിയത്. അയ്യോ, അല്ല, റിസീവർ അപ്പോഴും കയ്യിൽത്തന്നെയിരിക്കുന്നു!

“അയ്യോ, എന്റെ ചാക്കോച്ചൻ!” – ചുണ്ടുകളിൽ വിതുമ്പിനിന്ന സങ്കടം അണപൊട്ടിയൊഴുകി. പൊട്ടിക്കരഞ്ഞുകൊണ്ട് ഹോസ്പിറ്റലിൽ ചെന്നപ്പോൾ വാടിത്തളർന്ന പൂമൊട്ടു പോലെ ചാക്കോച്ചേട്ടൻ കിടക്കുന്നു. *ഈ. കെ. ജി. മോനിട്ടറിന്റെ ചലനമൊഴിച്ചാൽ എല്ലാം നിശ്ചലം. “കൺജസ്റ്റീവ് ഹാർട്ട് അറ്റാക്കാണ്, സൂക്ഷിച്ചാൽ മതി”യെന്ന് ഡോക്ടർ പറഞ്ഞപ്പോൾ നഷ്ടപ്പെട്ടുപോയ ഒരു ജന്മം തിരിച്ചുകിട്ടിയതുപോലെ തോന്നി. ചാക്കോച്ചൻ പിന്നീട് ജോലിക്കു പോയിട്ടേയില്ല. റെസ്റ്റ് എടുക്കാനായി വീട്ടിൽത്തന്നെയിരുന്നു. ജോലി ചെയ്താൽ കുറേക്കൂടി കുശുണ്ടാകുമായിരിക്കും. പക്ഷേ, എന്തെങ്കിലും സംഭവിച്ചാൽ ശേഷിച്ച ജീവിതം മുഴുവൻ താൻ ഒറ്റയാകുമല്ലോ എന്നോർത്തപ്പോൾ, ഇനി ജോലിക്ക് പോവുകയേ വേണ്ട എന്ന് നിർബന്ധം പിടിച്ചു.

“ഡിഡ് യുവർ സൺ കം യെറ്റ് മിസ്സസ് ജേക്കബ്?” നേഴ്സിന്റെ ചോദ്യം കേട്ടാണ് ചിന്തയിൽ നിന്നുണർന്നത്.

“നോ... ഹി വിൽ ഡെഫനിറ്റ്ലി കം” – എഴുന്നേറ്റ് ജനാലക്കരികിലേക്ക് നടന്നു. മഞ്ഞുമൂടിക്കിടന്ന് മരവിച്ച പുൽത്തകിടികൾ വെളിച്ചം കാണാതെ വെമ്പൽകൊള്ളുന്നതുപോലെ തോന്നി. തന്റെ മനസ്സും ഏതാണ്ടതുപോലെ തന്നെയല്ലേ? മനോജിനെ കാണാനുള്ള അടങ്ങാത്ത അഭിനിവേശമാണ് മനസ്സുനിറയെ. ഇനി മനോജ് മോൻ വരാതിരിക്കുമോ?

മമ്മിയറിയാതെ, മമ്മിക്ക് ക്രിസ്തുമസ് ഗിഫ്റ്റ് വാങ്ങാൻ ചാക്കോച്ചനുമൊരുമിച്ച് മനോജ് പോയിരുന്ന ദിവസങ്ങൾ സൂസമ്മ ഓർത്തു. ആ മനോജ് മോൻ ഇന്നില്ല. ഇന്ന് മമ്മിയേക്കാളേറെ അവന് സ്നേഹിക്കാൻ ഭാര്യയുണ്ട്. അല്ലെങ്കിൽത്തന്നെ ഈ മമ്മിക്ക് ഇനി എന്തുചെയ്യാൻ കഴിയും? പ്രായമായി, ജോലി ചെയ്യാൻ വയ്യെന്നായി. മക്കൾക്കുവേണ്ടി അവസാനം വരെ കഷ്ടപ്പെട്ടു. പഠിപ്പിച്ചു മിടുക്കരാക്കി. ഇനി, ഇന്നിപ്പോൾ അവർക്ക് മമ്മിയുടെ ആവശ്യമില്ല. അല്ലെങ്കിൽ അവരെയെന്തിനു കുറ്റപ്പെടുത്തണം? അവർക്കും അവരുടേതായ ഒരു ജീവിതമുണ്ട്. ആ ജീവിതത്തിൽ താൻ ഒരധികപ്പറ്റായി മാറിയേക്കുമെന്നു തോന്നിയതുകൊണ്ടാണ് നേഴ്സിംഗ് ഹോമിൽ പോകാൻ സ്വയം തീരുമാനിച്ചത്.

യാതൊന്നും ആലോചിക്കരുതെന്നു എപ്പോഴും തീരുമാനിക്കും. പക്ഷേ നേഴ്സിംഗ് ഹോമിൽ നാലു ഭിത്തികൾക്കുള്ളിൽ ഒതുങ്ങിനിൽക്കുന്ന ജീവിതത്തിന് ആലോചിക്കാനല്ലാതെ മറ്റെന്തിന് സാധിക്കും?

ചാക്കോച്ചന് അസുഖമായി വീട്ടിലിരിക്കാൻ തുടങ്ങിയതു മുതൽ ജീവിതത്തിനു താളം തെറ്റി. ഒരു ശമ്പളം കൊണ്ട് ജീവിക്കാൻ തികച്ചും ബുദ്ധിമുട്ടായി. വീടിന്റെ മോർട്ട്ഗേജ്, കാറിന്റെ ഇൻസ്റ്റാൾമെന്റ്, ഇൻഷുറൻസ്, പിള്ളേരുടെ ഉടുപ്പുകെട്ടുകൾ, ഭക്ഷണം എല്ലാം കൂടിയായപ്പോൾ കിട്ടുന്ന പൈസാ തികയുന്നില്ലെന്നു വന്നു. എങ്ങിനെയും ജീവിക്കാതെ പറ്റില്ലല്ലോ എന്നുകരുതി അടുത്ത ഹോസ്പിറ്റലിൽ ഒരു പാർട്ട് ടൈം ജോലി കൂടി എടുത്തു. ഒരു സ്ഥലത്തു ഓഫ് ഉള്ളപ്പോൾ മറ്റേ ഹോസ്പിറ്റലിൽ ജോലിക്കു പോകും. ജോലി കഴിഞ്ഞ് ക്ഷീണിച്ചു വീട്ടിൽ വരുമ്പോൾ, പിള്ളേരുടെ കളിയും ചിരിയും കൊച്ചുവർത്തമാനങ്ങളെല്ലാം കാണുമ്പോൾ സകല പ്രശ്നങ്ങളും മറക്കും. ദൈവമേ, ഇതുപോലെയെങ്കിലും എന്നും നിലനിർത്തണെയെന്നു മനമുരുകി പ്രാർത്ഥിക്കും.

* ഇലക്ട്രോ കാർഡിയോ ഗ്രാം

എത്ര പെട്ടെന്നാണു വർഷങ്ങൾ കടന്നുപോയത്? എല്ലാം ഇന്നലെ കഴിഞ്ഞതുപോലെ തോന്നുന്നു. കുട്ടിയുടുപ്പിട്ട് ഓടിനടന്ന കുഞ്ഞുമക്കളെല്ലാം വളർന്നു മമ്മിയേക്കാൾ വലുതായി. കുട്ടിയുടുപ്പിന്റെ സ്ഥാനത്തു സ്റ്റോൺ വാഷ്ഡ് ജീൻസും ജാക്കറ്റുമൊക്കെ ധരിക്കാൻ തുടങ്ങി. മിനിമോൾ ഹൈസ്ക്കൂൾ പാസായപ്പോൾ ചാക്കോച്ചനു വലിയ ആഗ്രഹം, മോളെ കോളേജിലയയ്ക്കണം, ഒരു ഡോക്ടറാക്കണം. ആഗ്രഹം നല്ലതാണെങ്കിലും പൈസായുടെ ബുദ്ധിമുട്ടികളെക്കുറിച്ചോർത്തപ്പോൾ ഒന്നും പറയാൻ തോന്നിയില്ല. ഇപ്പോൾ തന്നെ ഒന്നര ജോലി ചെയ്തിട്ടും വീട്ടുചെലവുകൾക്കു മതിയാകുന്നില്ല. ആ നിലക്ക് മോളെ കോളേജിലും കൂടി അയച്ചാൽ എങ്ങിനെ കാര്യങ്ങൾ നടന്നുപോകുമെന്നാലോചിച്ചപ്പോൾ മനസ്സിനു വല്ലാത്ത അസ്വസ്ഥത തോന്നി.

“നോക്കൂ സൂസമ്മേ, നമ്മൾ ജീവിക്കുന്നതും ഈ കഷ്ടപ്പാടെല്ലാം സഹിക്കുന്നതും നമ്മുടെ കുഞ്ഞുങ്ങൽക്കു വേണ്ടിയല്ലേ? അവരൊരു കരപറ്റി കഴിഞ്ഞാൽ പിന്നെ നമ്മുടെ വിഷമങ്ങളെല്ലാം മാറില്ലേ. ഞാനും ഒരു ചെറിയ ജോലി കണ്ടുപിടിക്കാം. ആ പൈസായും കൂടി നമുക്കപയോഗിക്കാമല്ലോ.” ചാക്കോച്ചൻ ഇത്രയും പറഞ്ഞപ്പോൾ സൂസമ്മയ്ക്ക് സങ്കടം സഹിച്ചില്ല.

“വേണ്ടാ, വേണ്ട ജോലിക്കൊന്നും പോകണ്ട. റെസ്റ്റ് എടുക്കാനല്ലെ ഡോക്ടർ പറഞ്ഞിരിക്കുന്നത്. ബാക്കി കാര്യങ്ങൾ ഞാൻ നോക്കിക്കൊള്ളാം”– മിനിമോളെ കോളേജിലയയ്ക്കാൻ തന്നെ തീരുമാനിച്ചു.

മോളുടെ കോളേജ് ചിലവും കൂടി ആയപ്പോൾ വേറൊരു ഹോസ്പിറ്റലിൽ ഒരു ഫുൾടൈം ജോലി കൂടി എടുക്കേണ്ടി വന്നു. രാവിലെ ഏഴു മുതൽ മൂന്നര വരെ ഒരിടത്ത്, നാലു മുതൽ പന്ത്രണ്ടു വരെ മറ്റൊരിടത്ത്. രാത്രി ഒരു മണിക്ക് വീട്ടിൽ വരുന്നത് ജീവച്ഛവം പോലെയാണ്. ചാക്കോച്ചൻ ചോറും വിളമ്പിവച്ച് ഉറക്കമിളച്ചു കാത്തിരിക്കും. എവിടെയെങ്കിലും അഞ്ചുമിനിട്ട് കാല് നിവർത്തിവച്ച് ഇരുന്നാൽ മതി, ഒന്നും കഴിച്ചില്ലേലും കുഴപ്പമില്ല എന്നു തോന്നിപ്പോകാറുണ്ട്. അത്രമാത്രം ക്ഷീണിച്ചാണ് വരുന്നത്. മനസ്സിന് ശക്തിയും തന്റേടവും ഉള്ളതുകൊണ്ടു മാത്രം മുന്നോട്ടു പോകുന്നതാണ്. മനസിനൊത്തു നീങ്ങാൻ ശരീരത്തിനു ശക്തിയുണ്ടായിട്ടല്ല. ഓരോ ദിവസം ചെല്ലുന്തോറും കാലുകളിലെ വെരിക്കോസ് വെയിനെല്ലാം ചീർത്തുവീർത്തു വെളിയിലേക്കു തെറിച്ചുവന്നുകൊണ്ടിരുന്നു. ഓപ്പറേഷൻ വേണ്ടി വരുമെന്നു പലരും പറഞ്ഞു. ഓപ്പറേഷൻ പോയിട്ട് ഒരു ഓഫ് എടുക്കാൻ കൂടി സമയമില്ല. സ്വന്തം മക്കളുടെ നന്മയ്ക്കു വേണ്ടിയെന്നു കരുതി സഹിച്ചു. സമാധാനിച്ചു.

കോളേജിലെ ഡോർമെറ്ററി ജീവിതം മിനിമോളിൽ വലിയ മാറ്റങ്ങൾ വരുത്തി. ഓരോ പ്രാവശ്യം അവധിക്കു വരുമ്പോഴും, രൂപത്തിലും, ഭാവത്തിലും, വേഷത്തിലുമെല്ലാം അവളൊരു അമേരിക്കക്കാരിയായി മാറാൻ തുടങ്ങിയെന്നു തോന്നിയതുകൊണ്ടാകാം ചാക്കോച്ചൻ ഒരുദിവസം അവളെ ഗുണദോഷിച്ചു.

“മോളെ, നിന്റെ പഠിത്തം കഴിഞ്ഞു ഒരു ജോലിയായിട്ടു വേണം നിന്റെ മമ്മിക്കു അല്പമൊന്നു വിശ്രമിക്കാൻ. നീ കാണുന്നില്ലേ മമ്മിയുടെ കഷ്ടപ്പാടുകൾ” – മനസ്സിനുള്ളിലെ അസ്തമിക്കാത്ത ആഗ്രഹങ്ങൾ അറിയാതെ പുറത്തേക്കു വന്നു. മിനിയുടെ മുഖത്ത് പുച്ഛരസം നിറഞ്ഞു നിന്നതു താൻ കണ്ടില്ലെന്നു നടിച്ചു. ഫോർത്ത് ഇയർ ഫൈനൽ പരീക്ഷ കഴിഞ്ഞയുടനെ മിനിയുടെ ഒരു കത്തുവന്നു, തികച്ചും അപ്രതീക്ഷിതമായ കത്ത്! അവളുടെ കോളേജിലെ ഒരു നീഗ്രോ

ലക്ചററുമായി വിവാഹം കഴിഞ്ഞുവെന്ന്!!

എഴുത്തുവായിച്ചുകൊണ്ടിരുന്ന ചാക്കോച്ചൻ ഒന്നും ശബ്ദിക്കാതെ സോഫയിലേക്ക് മറിഞ്ഞു! ഹോസ്പിറ്റലിൽ എത്തുന്നതിനു മുമ്പുതന്നെ ചാക്കോച്ചൻ എല്ലാവരോടുമായി എന്ന ന്നേക്കുമായി യാത്ര പറഞ്ഞുകഴിഞ്ഞിരുന്നു! അങ്ങനെ താളം തെറ്റിയ ജീവിതത്തിൽ പ്രശ്നങ്ങ ളുടെ നൂലാമാലകളും പേറിക്കൊണ്ട് താൻ ഏകയായി അവശേഷിച്ചു. അന്നുവരെ, അസുഖമായി രുന്നുവെങ്കിൽ ഒരാൾ കൂടെയുണ്ടായിരുന്നു, എന്തെങ്കിലുമൊന്നു പറയാൻ, ഒരു കൂട്ടിന് പോരാൻ, അഭിപ്രായം ചോദിക്കാൻ. എല്ലാം നിമിഷനേരം കൊണ്ടാണ് അവസാനിച്ചത്. മകൾ നഷ്ടപ്പെട്ട തിൽ മനസ്സു വേദനിച്ചില്ല. പക്ഷേ, ചാക്കോച്ചൻ പോയപ്പോൾ താൻ ചിറകു നഷ്ടപ്പെട്ട പക്ഷിയെ പ്പോലെയായി. മിനിയെക്കുറിച്ച് ഒരിക്കലും ഓർക്കുക പോലും ചെയ്യരുതെന്ന് തീരുമാനിച്ചതാണ്. എന്നാൽ ചാക്കോച്ചനെക്കുറിച്ച് ചിന്തിക്കുമ്പോഴെല്ലാം ഒരു കരിനിഴൽ പോലെ അവൾ ഓർമ്മയി ലേക്ക് കടന്നുവരും. അവൾ ഒരുത്തികാരണമാണല്ലോ തനിക്ക് തന്റെ പ്രിയപ്പെട്ടവനെ നഷ്ടപ്പെ ട്ടത് എന്ന ചിന്ത മനസ്സിനെ എല്ലായ്പ്പോഴും വേദനിപ്പിച്ചുകൊണ്ടിരുന്നു. അല്ലെങ്കിൽ കുറച്ചുനാളു കൂടിയെങ്കിലും എന്റെ ചാക്കോച്ചൻ ജീവിച്ചിരിക്കുമായിരുന്നു. പിന്നീടൊരിക്കലും മിനിയെ കണ്ടി ട്ടില്ല. കാണാൻ ആഗ്രഹിച്ചുമില്ല. ഷിക്കാഗോയിലെവിടെയോ, ഭർത്താവ് ഉപേക്ഷിച്ച രണ്ടു കുട്ടിക ളുമായി താമസിക്കുന്നുവെന്നു ആരോ പറഞ്ഞുകേട്ടു.

“കമോൺ മിസ്സസ് ജേക്കബ്, ലെറ്റ്സ് ഗോട്ടുയുവർ റൂം. ഇറ്റീസ് ടൂലേറ്റ് നൈ. ഐ ഡോൺട് തിങ്ക് യുവർ സൺവിൽ കം ടുഡെ” - കടിഞ്ഞാണില്ലാത്ത ചിന്തകൾക്കു വിരാമമിട്ടുകൊണ്ടു നേഴ്സിന്റെ കൈപിടിച്ചു റൂമിലേക്കു പോയി.

എത്ര ശ്രമിച്ചിട്ടും ഉറക്കം വരുന്നില്ല.

“എന്റെ മോനെ, ഇന്നു ക്രിസ്തുമസ് ആയിട്ടുപോലും ഈ മമ്മിയെ കാണാൻ നീ വന്നി ല്ലല്ലോ? ഈ ലോകത്തിൽ എനിക്കു ഉണ്ടെന്നു പറയാൻ നീ മാത്രമേയുള്ളൂ. അതു നിനക്ക് നന്നാ യിട്ടറിയാം. നിന്റെ ഗിഫ്റ്റ് വാങ്ങാതെ മമ്മി ഉറങ്ങിയ ദിവസങ്ങൾ ഉണ്ടെന്നുതന്നെ തോന്നുന്നില്ല”- മനസ്സു മുഴുവന് മനോജിനെക്കുറിച്ചുള്ള ഓർമ്മകളായിരുന്നു. ചാക്കോച്ചൻ മരിച്ച ആ വർഷം ഗിഫ്റ്റും സെലബ്രേഷനും ഒന്നുമുണ്ടായിരുന്നില്ല. എന്നിട്ടും മമ്മിക്കു ക്രിസ്തുമസ് ഗിഫ്റ്റ് വാങ്ങാൻ മനോജ് മറന്നില്ല. തന്നെ കെട്ടിപ്പിടിച്ചിട്ട് അവൻ പറഞ്ഞതു ഇപ്പോഴും ഓർക്കുന്നു.

“എന്റെ മമ്മിക്കു ഇനി ഗിഫ്റ്റ് തരാൻ ഞാൻ മാത്രമല്ലേയുള്ളൂ. അതു ഞാനൊരിക്കലും മറ ക്കില്ല മമ്മീ...” പിന്നെ ഒരു കരച്ചിലായിരുന്നു. എത്രനേരം കരഞ്ഞുവെന്നു രണ്ടുപേർക്കുമറിയില്ല.

സമ്മറും വിന്ററും പലതു കടന്നുപോയി, ക്രിസ്തുമസും ന്യൂഇയറും പതിവുപോലെ വന്നു പോയി. മനോജിനെ കോളേജിലയയ്ക്കണമെന്നു പറയാൻ ചാക്കോച്ചനുണ്ടായിരുന്നില്ല. എങ്കിലും വിട്ടു. പഠിച്ചുമിടുക്കനായി വരാൻ ആശംസിച്ചു. അവനല്ലാതെ തനിക്കു വേറെ ആരിരിക്കുന്നു? മോനും കൂടി പോയപ്പോൾ വലിയവീട്ടിൽ താൻ ഒറ്റക്കായി. ജോലി കഴിഞ്ഞുവന്നാൽ മനസ്സുനി റയെ പേടിപ്പെടുത്തുന്ന ചിന്തകൾ. ഏകാന്തതയുടെ കറുത്ത ഭീകരരൂപം തന്നെ കാർന്നുതിന്നു മെന്നു തോന്നി. ഒടുവിൽ ഹോസ്പിറ്റലിനടുത്തു ഒരു അപ്പാർട്ടുമെന്റിലേക്കു താമസം മാറി. വീടിനു കിട്ടിയ പൈസാ മുഴുവൻ മനോജിനു വേണ്ടി ബാങ്കിൽ നിക്ഷേപിച്ചു.

എഞ്ചിനീയറിംഗ് പാസായ മനോജിന് ജോലി കിട്ടിയത് പോർട്ട്ലൻഡിലാണ്. മനസ്സുനിറയെ സന്തോഷത്തോടുകൂടി പുതിയ ജോലിക്കു പോകുന്ന മോനെ എയർപോർട്ടിൽവച്ച് യാത്രയയച്ചപ്പോൾ മനസ്സുനൊന്തു പ്രാർത്ഥിച്ചു– "എന്റെ മോന് നല്ലതുവരണേയെന്ന്."

"ഞാൻ അവിടെ ചെന്നാലുടൻ ഒരു അപ്പാർട്ടുമെന്റെടുത്തിട്ട് മമ്മിയെക്കൂടി കൊണ്ടുപോകാം. മമ്മി ഇനി ജോലി ചെയ്തതൊക്കെ മതി". മനോജിന്റെ കുളിർമ്മയുള്ള വാഗ്ദാനങ്ങൾ മനസ്സിനു ഉന്മേഷം പകർന്നു. പക്ഷെ അങ്ങനെയൊന്നും സംഭവിച്ചില്ല. പ്രതീക്ഷകളെല്ലാം പ്രതീക്ഷകളായിത്തന്നെ മണ്ണടിഞ്ഞു. ഒരുദിവസം ഫോൺ ചെയ്തപ്പോൾ മനോജ് പറഞ്ഞു, കൂടെ ജോലി ചെയ്യുന്ന ഒരു മദാമ്മ പെണ്ണിനെ ഇഷ്ടമാണ്, വിവാഹം കഴിയ്ക്കണമെന്ന്, ജൂലിയറ്റ്, ഏകമകൾ, എഞ്ചിനീയർ, ഡാഡിയും മമ്മിയും വലിയ സ്വത്തുകാർ, സ്വന്തം വീട്, സുന്ദരി. എതിർപ്പൊന്നും പറഞ്ഞില്ല. എല്ലാം മോന്റെ ഇഷ്ടംപോലെ എന്നുമാത്രം ആശ്വസിച്ചു.

കല്യാണം പോട്ട്ലന്റിൽ വച്ച് നടന്നു. മനോജും കൂടി അവരുടെ വീട്ടിൽ താമസമാക്കി. വിവാഹചടങ്ങുകൾ കഴിഞ്ഞ് താൻ തിരിച്ചു പോരാനൊരുങ്ങിയപ്പോൾ മനോജ് പറഞ്ഞു. "മമ്മി ഇനി പോകണ്ട, ഇവിടെ നമുക്കെല്ലാവർക്കും കൂടി താമസിക്കുവാനുള്ള സൗകര്യമുണ്ട്. ജൂലിയറ്റിനും അതിഷ്ടമാണ്." പക്ഷെ എന്തുകൊണ്ടോ അതിന് സമ്മതിച്ചില്ല. "നിനക്ക് സ്വന്തമായി ഒരു വീടുണ്ടാകുമ്പോൾ വരാം." എന്നുമാത്രം പറഞ്ഞ് തിരിച്ചുപോന്നു. ഒരുപക്ഷേ ദുരഭിമാനമായിരിക്കാം തന്നെ അതിനു പ്രേരിപ്പിച്ചത്? സ്വന്തം ഭാര്യയുടെ വീടുള്ളപ്പോൾ വേറൊരു വീടിന്റെ ആവശ്യം ഒരിയ്ക്കലും അവനുണ്ടായില്ല. മനോജിനു ജോലി കിട്ടിയിട്ടുവേണം തനിക്ക് അല്പമൊന്നു വിശ്രമിക്കാൻ എന്നുള്ള അവസാനത്തെ ആശയം അതോടുകൂടി അസ്തമിച്ചു.

മനോജ് ഇടയ്ക്കിടെ വിളിക്കും, വല്ലപ്പോഴുമൊക്കെ അല്പം പൈസായും അയയ്ക്കുമായിരുന്നു. പിന്നീട് അവൻ എഴുതി, ഡോക്ടറേറ്റിന് പഠിക്കുന്നതുകൊണ്ട് പൈസായ്ക്ക് ബുദ്ധിമുട്ടാണെന്ന്. വേണമെന്നോ വേണ്ടെന്നോ പറഞ്ഞില്ല. കാരണം ജോലി ചെയ്യാൻ പറ്റുന്നിടത്തോളം കാലം തനിക്ക് ആരുടേയും പൈസാ വേണ്ടിയിരുന്നില്ല. സമ്പാദിക്കാനാണെങ്കിൽ ആർക്കുവേണ്ടി സമ്പാദിക്കണം? എങ്ങിനെയെങ്കിലും മരിക്കുന്നതുവരെ ജോലി ചെയ്യാൻ ആരോഗ്യം തരണേ എന്നു മാത്രമേ പ്രാർത്ഥിച്ചുള്ളൂ. പക്ഷേ, ആ പ്രാർത്ഥനയും ദൈവം കൈക്കൊണ്ടില്ല. ഒരുദിവസം ജോലി കഴിഞ്ഞ് പോരുമ്പോൾ എലിവേറ്ററിൽ വച്ച് ഒരു തലകറക്കം പോലെ തോന്നി. ബോധം തെളിഞ്ഞപ്പോൾ താൻ ഇന്റൻസീവ് കെയർ യൂണിറ്റിലാണ്. ഒരു സ്ട്രോക്കായിരുന്നുവെന്ന് ഡോക്ടർ പറഞ്ഞു. ജീവനുണ്ടെന്നേയുള്ളൂ, ശരീരം മുഴുവൻ തളർന്നുപോയി. മാസങ്ങളോളം ഹോസ്പിറ്റലിൽ കഴിച്ചു. കഷ്ടിച്ചു എഴുന്നേറ്റു നിൽക്കാമെന്നല്ലാതെ മറ്റൊന്നിനും ശക്തി കിട്ടിയില്ല. അപ്പാർട്ടുമെന്റിലേക്ക് തിരിച്ചുപോയാൽ ആരെങ്കിലും സഹായിക്കാനില്ലാതെ സ്വന്തമായി ഒന്നും ചെയ്യാൻ നിവർത്തിയില്ല. വിവരമറിഞ്ഞപ്പോൾ മനോജ് വിളിച്ചു, മമ്മിക്ക് വേണമെങ്കിൽ അവരുടെ കൂടെ താമസിക്കാമെന്നു പറയാൻ.

"വേണ്ട മോനേ, ഞാൻ ഈ പരിതസ്ഥിതിയിൽ അങ്ങോട്ട് വന്നാൽ നിങ്ങൾക്കത് വലിയ ബുദ്ധിമുട്ടാകും. അതുകൊണ്ട് മമ്മിയെ ഒരു നേഴ്സിംഗ് ഹോമിൽ ആക്കുന്നതാണ് നല്ലത്." വളരെ ചിന്തിച്ചശേഷം സ്വയം എടുത്ത തീരുമാനം.

അങ്ങനെ എല്ലാ കഷ്ടപ്പാടുകളുടെയും അവസാനത്തെ അദ്ധ്യയനമെന്നോണം ഈ നേഴ്സിംഗ് ഹോമിൽ വന്നിട്ടു നാലു വർഷങ്ങളായി. എല്ലാ വർഷവും ക്രിസ്തുമസ് ഗിഫ്റ്റുമായി മനോജ് വരാറുണ്ടായിരുന്നു. ഈ വർഷവും പ്രതീക്ഷിച്ചു. പക്ഷേ വന്നില്ല. തനിക്കതിലും പരാതിയില്ല. അല്ലെങ്കിൽ ആരോടു പരാതി പറയാൻ? ജീവിതം മുഴുവൻ മക്കൾക്കുവേണ്ടി ചിലവഴിച്ചു. എല്ലാം സ്വന്തമാണെന്ന് പ്രതീക്ഷിച്ചു. വ്യർത്ഥമായ വ്യാമോഹങ്ങൾ! ഓരോരുത്തരും പറക്കാറായപ്പോൾ അവരവരുടെ കൂടും കെട്ടി പറന്നു പറന്നുപോയി! അകലങ്ങളിലേക്ക്, അനന്തതയുടെ അപാരതയിലേക്ക്!

കണ്ണടച്ചു വീണ്ടും ഉറങ്ങാൻ ശ്രമിച്ചപ്പോൾ മനസ്സിൽ ഒരേഒരു പ്രാർത്ഥന മാത്രമുണ്ടായിരുന്നു- എത്രയും വേഗം ഈ ജീവിതത്തിൽ നിന്ന് ഒരു മോചനം തരണേ എന്ന്.

********